# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ : എസ്.ഹരികിഷോർ ഐ.എ.എസ്)**

വിഷയം: സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - ജില്ലാ മിഷനുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം - സംബന്ധിച്ച്

## <u>ഉത്തരവ് നം.3432/E1/2014/KSHO dated 27/06/2017</u>

കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷനുകൾ വഴി ബൃഹത്തായ നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ജില്ലാ മിഷനുകളിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ തുടർപ്രവർത്തനങ്ങളിലെ മേൽനോട്ടക്കുറവ് പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാന മിഷനിലെ താഴെചേർക്കുന്ന ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും 2017-18 വർഷത്തെ മുഴുവൻ പദ്ധതി പ്രവർത്തനങ്ങളുടെയും മേൽനോട്ട ചുമതല നൽകി ഉത്തരവാകുന്നു. (ചുമതലകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു). അതാത് ജില്ലകളിലെ പ്രവർത്തനങ്ങളുടെ ചുമതല ടി ഉദ്യോഗസ്ഥർ വഹിക്കേണ്ടതും യഥാസമയം തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടറെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

**ചുമതലകൾ**

1. ജില്ലകൾ പ്ലാൻഫണ്ട് യഥാസമയം ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
2. ജില്ലയിലെ കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നേതൃത്വം നൽകുക
3. ജില്ലയിലെ best practices, initiatives ജില്ലയിലെ പ്രവർത്തനം സംബന്ധിച്ച വാർത്തകൾ, ഫോട്ടോകൾ എന്നിവ വെബ്സൈറ്റിൽ ഇടുന്നുവെന്ന് ഉറപ്പുവരുത്തുക
4. ജില്ലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അത് പരിഹരിക്കാൻ വേണ്ട നയപരമായ തീരുമാനമെടുക്കാൻ സംസ്ഥാന മിഷന് / എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഉപദേശം നൽകുക

5. സർക്കാർ പൈലറ്റ് പ്രോജക്ടുകൾ (ലൈഫ്, എ.ബി.സി തുടങ്ങിയവ) ജില്ലകളിൽ നടപ്പിലാക്കുമ്പോൾ, അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അത് മോണിറ്റർ ചെയ്യുകയും ചെയ്യുക
6. അവശ്യ സന്ദർഭങ്ങളിൽ ജില്ലകൾ സന്ദർശിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തുക.

ഡയറക്ടർ (എ&എഫ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
2) എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3) വെബ്സൈറ്റ്

പകർപ്പ്

1. സ്റ്റോക്ക്/കരുതൽ

# അനുബന്ധം

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | ചുമതലപ്പെടുത്തുന്ന ജില്ല |
|---|---|---|
| 1. | ശ്രീ.ബിനു ഫ്രാൻസിസ്,<br>പ്രോഗ്രാം ഓഫീസർ (അർബൻ) | തിരുവനന്തപുരം |
| 2. | ശ്രീമതി പ്രിയാപോൾ<br>പ്രോഗ്രാം മാനേജർ (എൻയുഎൽഎം) | കൊല്ലം |
| 3. | ശ്രീമതി സോയ തോമസ്<br>പ്രോഗ്രാം മാനേജർ (ജെൻഡർ & ബാലസഭ) | പത്തനംതിട്ട |
| 4. | ശ്രീ.പ്രമോദ്.കെ.വി<br>പ്രോഗ്രാം ഓഫീസർ (സംഘടന) | ആലപ്പുഴ |
| 5. | ശ്രീമതി.അമൃത.ജി.എസ്<br>പ്രോഗ്രാം ഓഫീസർ (എസ്.ഡി) | കോട്ടയം |
| 6. | ശ്രീ.ബിപിൻ ജോസ്<br>പ്രോഗ്രാം മാനേജർ (ഡിഡിയുജികെവൈ) | ഇടുക്കി |
| 7. | ശ്രീമതി.റോഷ്നി പിള്ള<br>മാനേജർ (എസ്.ഡി പിഎംഎവൈ) | എറണാകുളം |
| 8. | ശ്രീ.അജിത്ചാക്കോ,<br>സി.ഒ.ഒ(ലൈവ്‌ലിഹുഡ്) | തൃശൂർ |
| 9. | ശ്രീ.പ്രഭാകരൻ മേലത്<br>പ്രോഗ്രാം മാനേജർ (ട്രൈബൽ) | പാലക്കാട് |
| 10. | ഡോ.രാഹുൽകൃഷ്ണ<br>തീമാറ്റിക് ആങ്കർ | കോഴിക്കോട് |
| 11. | ശ്രീ.ജെയ്സൺ.റ്റി.ജെ<br>സ്റ്റേറ്റ് മിഷൻ മാനേജർ (എൻ.യു.എൽ.എം.) | മലപ്പുറം |
| 12. | ശ്രീ.ഷിബു.എൻ.പി<br>സ്റ്റേറ്റ് മിഷൻ മാനേജർ (ഡിഡിയുജികെവൈ) | വയനാട് |
| 13. | ശ്രീ.രാജേഷ്കുമാർ.പി<br>സ്റ്റേറ്റ് മിഷൻ മാനേജർ (സ്കിൽസ് & ലൈവ്‌ലിഹുഡ്) | കണ്ണൂർ |
| 14. | ശ്രീ.സുധീർ.കെ.ബി<br>മാനേജർ (എസ്.എം & ഐ.ഡി) | കാസറഗോഡ് |